ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

42. [60] ശ്രീ. കെ. മൂസ്സാക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെൻറ് സർവീസിൽ ഏതെങ്കിലും ഡിപ്പാർട്ടുമെൻറിൽ അനുവദിക്കപ്പെട്ട തസ്തികകൾ നിയമനം നടത്താതെ ഒഴിഞ്ഞുകിടക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഡിപ്പാർട്ടുമെൻറുകളിൽ ; എത്ര തസ്തികകൾ വീതം ?

ഉത്തരം

(എ, ബി) അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ പുതുതായി അനുവദിക്കപ്പെട്ട മൂന്നു 2-ാം ഗ്രേഡ് അസിസ്റ്റൻറ് തസ്തികകളിലേക്ക് നിയമനം നടത്തിയിട്ടില്ല. ഈ തസ്തികകളിൽ നിയമനം നടത്താൻ പി. എസ്. സി. യോട് ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. മറ്റു വകുപ്പുകളെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

പൊതുമേഖലാസ്ഥാപനങ്ങൾ

43. [61] ശ്രീ. കെ. മൂസ്സാക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ട് ; അവയിൽ ലാഭകരമായി പ്രവർത്തിക്കുന്നവയെത്ര ;

(ബി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിൽ പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടുണ്ട് ;

(സി) ഈ കാലയളവിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മൂലം ആകെയുണ്ടായ നഷ്ടം എത്ര ?

ഉത്തരം

(എ) 31-3-1985 വരെ സംസ്ഥാനത്ത് 94 പൊതുമേഖലാ സ്ഥാപനങ്ങളാണ് ഉള്ളത്. ഇവയിൽ 1984-85 വരെയുള്ള ഏറ്റവും ഒടുവിൽ പൂർത്തിയാക്കിയ കണക്കുകൾ പ്രകാരം 30 സ്ഥാപനങ്ങൾ ലാഭകരമായിട്ടാണ് പ്രവർത്തിക്കുന്നത്.

(ബി) 1. ട്രാവൻകൂർ ഷുഗേഴ്സ് ആൻറ് കെമിക്കൽസ് ലിമിറ്റഡ്.
2. കേരള സ്റ്റേറ്റ് കോക്കനട്ട് ഡവലപ്പുമെൻറ് കോർപ്പറേഷൻ
3. കെൽട്രോൺ മാഗ്നെക്ടിക് ലിമിറ്റഡ്.
4. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ

(സി) ഈ കാലയളവിൽ, അതായത് 1982-83 മുതൽ 1984-85 വരെ ഏറ്റവുമൊടുവിൽ പൂർത്തിയാക്കിയ കണക്കുകൾ പ്രകാരമുള്ള ആകെ നഷ്ടം 4830.87 ലക്ഷമാണ്.

സർക്കാർ സർവീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഉള്ള ഒഴിവുകൾ

44. [61] ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. ടി. കുണാരൻ :
,, കെ. ആർ. ചന്ദ്രമോഹനൻ :

LIBRARY ARCHIVES Kerala Legislative Assembly